"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - അത്താണിക്കൽ യു.പി. സ്കൂളിലെ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ ശ്രീമതി. ഷിംന കെ.എ.യുടെ ദിവസവേതനാടിസ്ഥാനത്തിലുള്ള നിയമനാംഗീകാരം - റിവിഷൻ ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതുവിദ്യാഭ്യാസ (എസ്) വകുപ്പ്

സ.ഉ.(സാധാ) നം.3834/2025/GEDN തീയതി,തിരുവനന്തപുരം, 13-06-2025

പരാമർശം:-
1. അത്താണിക്കൽ യു.പി.എസ്. മാനേജരുടെ 21.10.2024 തീയതിയിലെ റിവിഷൻ ഹർജി
2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 10.03.2025 തീയതിയിലെ ഡിജിഇ/23964/2024-ഇ2 നമ്പർ റിപ്പോർട്ട്

**ഉത്തരവ്**

അത്താണിക്കൽ യു.പി. സ്കൂളിലെ ശ്രീമതി.ഷിംന കെ.എ.യുടെ ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ 01.06.2022 മുതലുള്ള ദിവസവേതനാടിസ്ഥാനത്തിലെ നിയമനം അംഗീകരിക്കണമെന്ന് ആവശ്യപ്പെട്ട് ടി സ്കൂൾ മാനേജർ സർക്കാരിൽ റിവിഷൻ ഹർജി സമർപ്പിച്ചിരുന്നു.

2. ശ്രീ.പി.എസ്. വർഗീസ് 31/01/2017-ൽ സർവീസിൽ നിന്നും വിരമിച്ച ഒഴിവിൽ ശ്രീമതി കെ.എ.ഷിംനയെ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ 01/06/2022 മുതൽ 31/03/2023 വരെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചു. പിണ്ടിമന അത്താണിക്കൽ യു.പി. സ്കൂൾ മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂളുകളുടെ ഗണത്തിൽപ്പെടുന്നു. ഇത്തരം സ്കൂളുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് സ.ഉ.(സാധാ) നം.83/2018/പൊവിവ തീയതി 12/06/2018 പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. സ.ഉ.(സാധാ) നം.3065/2020/പൊവിവ തീയതി 12/11/2020 പ്രകാരം മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂളുകളിൽ റെഗുലർ തസ്തികയിലെ ദിവസവേതന നിയമനങ്ങൾക്ക് ഓരോ അക്കാദമിക വർഷവും പുതിയ നിയമന ഉത്തരവ് നൽകേണ്ടതില്ല എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ സർക്കാർ കത്ത് നമ്പർ എൽ2/203/2019/പൊവിവ തീയതി 11/08/2021 പ്രകാരം തുടർച്ചയായി നിയമിക്കപ്പെടുന്നവർക്കാണ് നിയമനം തുടർച്ചയായി അംഗീകരിച്ചു നൽകേണ്ടതുള്ളത് എന്നും നിർദ്ദേശിച്ചിരിക്കുന്നു. എന്നാൽ ശ്രീമതി കെ.എ. ഷിംനയെ 01/06/2022 മുതൽ 31/03/2023 വരെ മാത്രമാണ് മാനേജർ നിയമിച്ചിട്ടുള്ളത്. ആയതിനാലാണ് ടി നിയമനം 01/06/2022 മുതൽ 31/03/2023 വരെ പരിമിതപ്പെടുത്തി കോതമംഗലം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ചു നൽകിയത്.

3. തുടർന്ന് മാനേജർ ശ്രീമതി കെ.എ. ഷിംനയെ, 01-04-2023 മുതൽ തുടർച്ചയായി ഇതേ തസ്തികയിൽ തന്നെ നിയമിച്ച് നിയമന ശിപാർശ അംഗീകാരത്തിനായി സമർപ്പിച്ചു. ടി നിയമനം

കോതമംഗലം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയത്തിൽ നിന്നും 01/04/2023 മുതൽ തുടർച്ചയായി ദിവസവേതനാടിസ്ഥാനത്തിൽ അംഗീകരിച്ച് നൽകുകയും ചെയ്തു. നിയമന അംഗീകാര ഫയലുകളുടെ കണക്കു പരിശോധനയിൽ, എറണാകുളം വിദ്യാഭ്യാസ ഉപ ഡയറക്ടർ, ശ്രീമതി കെ.എ.ഷിംനയുടെ 01/04/2023 മുതലുള്ള നിയമന ഫയലിൽ താഴെ പറയുന്ന അപാകതകൾ ചൂണ്ടിക്കാട്ടിയിരുന്നു.

i. 01/01/2023-ൽ ശ്രീമതി കെ.എ.ഷിംനക്ക് 39 വയസ്സ് പൂർത്തിയായതായി കാണുന്നു. ആയതിനാൽ നിയമന തീയതിയിൽ പ്രായം അധികരിച്ചതായി കാണുന്നു.

ii. സർട്ടിഫിക്കറ്റ് ക്ലാർക്ക് മാത്രമാണ് പരിശോധിച്ചിരിക്കുന്നത്.

iii. നിയമനാർത്ഥി നിയമന സമയത്ത് ബിരുദം നേടിയിട്ടില്ല എന്ന സത്യപ്രസ്താവന സമർപ്പിച്ചിട്ടില്ല.

iv. നിയമന തീയതിയിലെ സ്റ്റാഫ് ലിസ്റ്റിൽ ബിനു ജോസഫിന്റെ തസ്തിക എൽ.പി.എസ്.എ എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ മറ്റു നിയമന രേഖകളിൽ ഒപ്പിട്ടിരിക്കുന്ന എച്ച്.എം.ബിനു ജോസഫ് ആണ്. വ്യക്തത വരുത്തുക.

v. ശ്രീമതി കെ.എ.ഷിംനയുടെ തസ്തിക സ്റ്റാഫ് ലിസ്റ്റിൽ രേഖപ്പെടുത്തിയിട്ടില്ല.

4. എന്നാൽ വിദ്യാഭ്യാസ ഉപഡയറക്ടറുടെ തടസ്സവാദങ്ങളൊന്നും നിലനിൽക്കുന്നില്ല എന്നാണ് അപേക്ഷയിൽ വ്യക്തമാക്കുന്നത്. തന്റെ ജനനതീയതി 25/05/1983 ആണെന്നും മുസ്ലീം വിഭാഗത്തിൽപ്പെടുന്ന (ഒ.ബി.സി) അനധ്യാപകരുടെ നിശ്ചിത നിയമന പ്രായപരിധിയായ 39 വയസ്സിനകമായിരുന്നു പ്രായം (കെ.ഇ.ആർ പ്രകാരം 01.01.2022 അടിസ്ഥാനത്തിൽ 38 വയസ്സ്) എന്നും ആയതിനാൽ നിയമന തീയതിയിൽ പ്രായപരിധി അധികരിച്ചെന്ന ഡി.ഡി.ഇ യുടെ തടസ്സവാദവും നിലനില്ക്കുന്നില്ല എന്നും ഹർജ്ജിക്കാരി വാദിക്കുന്നു.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് ഇപ്രകാരമാണ്

5. വിദ്യാഭ്യാസ ഉപഡയറക്ടറുടെ തടസ്സവാദങ്ങൾക്ക് അനുബന്ധ രേഖകൾ സഹിതം മാനേജരിൽ നിന്നും മറുപടി ലഭ്യമാക്കുകയും, ടി മറുപടിയുടെ അടിസ്ഥാനത്തിൽ കോതമംഗലം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയത്തിൽ നിന്നും എറണാകുളം വിദ്യാഭ്യാസ ഉപ ഡയറക്ടർക്ക് താഴെ പറയും പ്രകാരം മറുപടി സമർപ്പിക്കുകയും ചെയ്തിരുന്നു.

"01-06-2022 മുതൽ 31-03-2023 വരെ ദിവസവേതനാടിസ്ഥാനത്തിൽ റഗുലർ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിയമിതയായ ശ്രീമതി.കെ.എ.ഷിംനയെ 01-04-2023 മുതൽ വീണ്ടും മാനേജർ നിയമിച്ചിരിക്കുന്നു. 01-06-2022 മുതൽ ടിയാരി തുടർച്ചയായി ജോലി ചെയ്യുന്നു. 01-06-2022-ൽ നിയമന സമയത്ത് ടിയാരിയുടെ പ്രായം 38 വയസ്സാണ്. പിണ്ടിമന അത്താണിക്കൽ യു.പി. സ്കൂൾ മതിയായ എണ്ണം കുട്ടികൾ ഇല്ലാത്ത സ്കൂൾ ആണ്. ഇത്തരം സ്കൂളുകളിലെ റഗുലർ തസ്തികയിലെ നിയമനങ്ങൾ തുടർച്ചയായി ദിവസവേതന അടിസ്ഥാനത്തിൽ പരിഗണിക്കാമെന്നതിനാലും, ശ്രീമതി.കെ.എ.ഷിംന 01-06-2022 മുതൽ തുടർച്ചയായി ടി

തസ്തികയിൽ ജോലി ചെയ്യുന്നതിനാലും ജനനതീയതി സംബന്ധിച്ച തടസ്സവാദം ഒഴിവാക്കിയാലും."

6. മേൽ മറുപടിയുടെ അടിസ്ഥാനത്തിൽ എറണാകുളം വിദ്യാഭ്യാസ ഉപഡയറക്ടർ നിയമന ഫയലിലെ തടസ്സവാദങ്ങൾ തീർപ്പാക്കിയതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി കെ.എ.ഷിംനയ്ക്ക് 31/10/2024 വരെയുള്ള വേതനം നൽകിയിട്ടുണ്ട്.

7. ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ ഉയർന്ന പ്രായപരിധി സംബന്ധിച്ച് 07/11/2024 തീയതിയിലെ ജെആർ1/447/2024/പൊവിവ സർക്കാർ കത്ത് പ്രകാരം ലഭ്യമായിട്ടുള്ള സ്പഷ്ടീകരണം അനുസരിച്ച് 2024-25 വർഷം ദിവസവേതന നിയമനം സംബന്ധിച്ച് പുറപ്പെടുവിച്ച 30/05/2024 ലെ ഉത്തരവിലെ "ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുമ്പോൾ അതതു തസ്തികകളിൽ സ്ഥിര നിയമനത്തിന് നിശ്ചയിച്ചിട്ടുള്ള മിനിമം പ്രായപരിധിക്കും വിരമിക്കൽ പ്രായത്തിനകത്തും ഉള്ളവരെ പരിഗണിക്കാവുന്നതാണ് എന്ന നിബന്ധന മേൽ ഉത്തരവ് തീയതിക്കു മുൻപ് നടത്തിയ നിയമനങ്ങൾക്കും മറ്റു വിധത്തിൽ ക്രമപ്രകാരമാണെങ്കിൽ ബാധകമാക്കാവുന്നതാണ്" എന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

8. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, അത്താണിക്കൽ യു.പി. സ്കൂളിലെ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ ശ്രീമതി.ഷിംന കെ.എ.യുടെ നിയമനം പ്രായപരിധി സംബന്ധിച്ച് വിദ്യാഭ്യാസ അധികാരികൾ ഉന്നയിച്ചിട്ടുള്ള തടസ്സവാദങ്ങൾ ഒഴിവാക്കി നിയമനത്തീയതിയായ 01/06/2022 മുതൽ ദിവസവേതനാടിസ്ഥാനത്തിൽ അംഗീകരിക്കുന്നതിന് കോതമംഗലം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി അപ്രകാരം മാനേജർ സർക്കാരിൽ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUNITHA S GEORGE
അണ്ടർ സെക്രട്ടറി

മാനേജർ, അത്താണിക്കൽ യു.പി.സ്കൂൾ, പിണ്ടിമന, കോതമംഗലം - 686 692
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Saja B
സെക്ഷൻ ഓഫീസർ
Date: 13-06-2025 12:19:54

പകർപ്പ്:
ബഹു. പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പി.എസ്.ന്.
പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ സി.എ.യ്ക്ക്.